മന്നയിൽ അപകടത്തിൽപ്പെട്ട ഓട്ടോറിക്ഷയും കാറും



തളിപ്പറമ്പിൽ കണ്ടെത്തിയ അപൂർവ്വയിനം ഞണ്ട്.

പൂവ്വത്ത് അപൂർവ്വയിനം ഞണ്ടിനെ കണ്ടെത്തി

തളിപ്പറമ്പ: അപൂർവ്വയിനത്തിൽപ്പെട്ട ഞണ്ടിനെ കണ്ടത് കൗതുകമായി. മംഗലാപുരത്ത് നിന്ന് പൂവ്വം മാർക്കറ്റിലേക്ക് എത്തിച്ച ഞണ്ടുകളുടെ കൂട്ടത്തിലാണ് അപൂർവ്വയിനം ഞണ്ടിനെ കണ്ടത്. ഇറുക്കുകാലുകൾക്ക് വീതി കൂടുതലുണ്ട്. പുറംതോടിൽ മൂന്ന് ഹമ്പുകൾ പോലെ കാണുന്നു. രണ്ട് സ്പീഷിസിലുള്ള ഞണ്ടുകളാണ് പ്രധാനമായും ഉള്ളത്. ഈ ഞണ്ടിനെ അതിൽപ്പെടുത്താനാകില്ലെന്നും ഇത്തരത്തിലുള്ളതിനെ കണ്ടിട്ടില്ലെന്നും ഫിഷറീസ് അധികൃതർ പറഞ്ഞു. എന്നാൽ ജനിതക മാറ്റമാണ് ഇതിന് കാരണമെന്ന് സംശയിക്കാമെന്ന് സർസയ്യിദ് കോളേജ് ജന്തുശാസ്ത്രവിഭാഗം മേധാവി ടി.എം.ബി മുംതാസ് പറഞ്ഞു.

ടെൻഷൻ ഒഴിവാക്കൂ...!!
AWI
wooden frames
31 YEARS OF EXPERIENCE
READYMADE
കട്ടിള
ജനൽ
കട്ള 3,800 മുതൽ
3 പാളി ജനൽ 9,500 മുതൽ
2 പാളി ജനൽ 6,650 മുതൽ
തടിമരവും ഉരുപ്പടിയും വാങ്ങുന്ന മുടക്ക് വേണ്ട
ഗ്രിൽസ് ഉൾപ്പെടെ നിർമ്മിച്ച കട്ടിള, ജനലുകൾ സ്വന്തമാക്കാൻ
ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
ഐങ്ങോത്ത്, കാഞ്ഞങ്ങാട്
☎ 9847 808 929
e-mail:ayshawoodstrading@rocketmail.com
ayshawoods.pilathara

കാർ ഓട്ടോയിലിടിച്ചു; പുറത്തേക്ക് തെറിച്ചുവീണ് റിക്ഷക്കാരന് പരിക്ക്

തളിപ്പറമ്പ: കാർ യൂടേൺ എടുക്കുന്നതിനിടെ ഓട്ടോയിലിടിച്ച് അപകടം. നിയന്ത്രണം വിട്ട ഓട്ടോറിക്ഷ മറ്റൊരു കാറിലും കടയുടെ ചുവരിലും ഇടിച്ച് പത്ത് മീറ്റർ അകലെയുള്ള വൈദ്യുതി പോസ്റ്റിലിടിച്ചാണ് നിന്നത്. പരിക്കേറ്റ ഓട്ടോഡ്രൈവർ തളിപ്പറമ്പ് മുക്കോലയിലെ കെ.ഹാരീസി(36)നെ സഹകരണാശുപത്രിയിലും തുടർന്ന് പരിയാരം മെഡിക്കൽ കോളേജിലും പ്രവേശിപ്പിച്ചു. ഇന്ന് രാവിലെ 11.15 ഓടെ മന്ന പഴശിരാജ റോഡിന് സമീപം സംസ്ഥാന പാതയിലാണ് അപകടം. ശ്രീകണ്ഠപുരം ഭാഗത്തേക്ക് പോവുകയായിരുന്ന കെ.എൽ 13 എ ജി 972 നമ്പർ നാനോകാർ പെട്ടെന്ന് യൂടേൺ എടുക്കുകയായിരുന്നു. ഈ സമയം തളിപ്പറമ്പ് ഭാഗത്തേക്ക് വരുന്ന ഓട്ടോയിൽ ഇടിച്ചു. നിയന്ത്രണം വിട്ട റിക്ഷ നിർത്തിയിട്ടിരുന്ന മറ്റൊരു കാറിലിടിച്ച് സമീപത്തെ കടയുടെ ചുവരിലും ഇടിച്ചു. ഇതോടെ ഡ്രൈവർ ഹാരീസ് പുറത്തേക്ക് തെറിച്ചുവീണു. പിന്നീട് ഓട്ടോറിക്ഷ അൽപ്പം ദൂരെയുള്ള വൈദ്യുതി തൂണിലിടിച്ച് നിൽക്കുകയായിരുന്നു.

ആന്തൂർ മുനിസിപ്പാലിറ്റിയിലെ വയോജനങ്ങളെ ആദരിക്കും

ബക്കളം ആരോഗ്യ പരിപാലന ക്യാമ്പ് സമാപനം 15ന്

കണ്ണൂർ: സാന്ത്വന പരിചരണ മേഖലയിൽ പ്രവർത്തിക്കുന്ന ഐ.ആർ.പി.സി പാലിയേറ്റീവ് ദിനമായ 15ന് 207 പ്രാദേശിക ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ജില്ലയിലെ എഴുപത് വയസ് കഴിഞ്ഞ വയോജനങ്ങളെ ആദരിക്കും. സോണൽ കേന്ദ്രത്തിലും പ്രാദേശിക തലത്തിലുമാണ് ആദരിക്കൽ ചടങ്ങുകൾ നടക്കുക. നിലവിലുള്ള ഹോം കെയർ പദ്ധതിക്ക് പുറമെയാണിത്. ശബരിമല തീർത്ഥാടകർക്കായി ബക്കളത്ത് ഒരുക്കിയ ആരോഗ്യ പരിപാലന കേന്ദ്രത്തിന്റെ പ്രവർത്തന സമാപനം പാലിയേറ്റീവ് ദിനത്തിൽ വയോജന സംഗമത്തോടെ പൂർത്തിയാകും. രാവിലെ പത്ത് മണിക്ക് നെല്ലിയോട്ടെ ഹെൽപ്പ് ഡസ്കിൽ ആന്തൂർ മുനിസിപ്പാലിറ്റിയിലെ മുഴുവൻ വയോജനങ്ങളെയും പങ്കെടുപ്പിച്ചാണ് സംഗമം ഒരുക്കുന്നത്. പി.കെ. ശ്രീമതി എം.പി. ഉദ്ഘാടനം ചെയ്യും. സമാപന സമ്മേളനം പി. ജയരാജന്റെ അധ്യക്ഷതയിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്യുക. തയ്യിലിലെ സാന്ത്വന കേന്ദ്രത്തിൽ നിലവിലുള്ള 25 പേർക്ക് പുറമെ 50 പേരെ കൂടി താമസിപ്പിച്ച് പരിചരണം നൽകാനുള്ള സംവിധാനത്തിന്റെ ഉദ്ഘാടനം അടുത്ത മാസം നടക്കുമെന്ന് ഐ.ആർ.പി.സി ഉപദേശക സമിതിയംഗം എം. പ്രകാശൻ മാസ്റ്റർ പത്രസമ്മേളനത്തിൽ പറഞ്ഞു. സെക്രട്ടറി കെ.വി. മുഹമ്മദ്, അഷ്റഫ് ചെയർമാൻ പി.എം. സാജിദ്, സി.എം. സത്യൻ, എൻ.വി. പുരുഷോത്തമൻ എന്നിവരും വാർത്താ സമ്മേളനത്തിൽ സംബന്ധിച്ചു.

തീവണ്ടിയിൽ നിന്ന് യുവാവിനെ തള്ളിയിട്ടതായി പരാതി

കണ്ണൂർ: തീവണ്ടി യാത്രക്കിടയിൽ കയറാൻ ശ്രമിക്കവെ യുവാവിനെ തള്ളി താഴെയിട്ടതായി പരാതി. പരിക്കേറ്റ ഇരിക്കൂർ സ്വദേശി മുബഷീറി (19)നെ പരിയാരം മെഡിക്കൽ കോളേജാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്ന് പുലർച്ചെ രണ്ട് മണിയോടെ വെസ്റ്റ്കോസ്റ്റ് എക്സ്പ്രസിൽ കയറാൻ ശ്രമിക്കവെയാണത്രെ ആരോ തള്ളി താഴെയിട്ടത്.

കരുവഞ്ചാൽ ന്യൂ ബസാറിൽ
നാളെ (12–01–17 വ്യാഴാഴ്ച) രാവിലെ
10 മണിക്ക് ടിപ് ടോപ് ടയേഴ്സിന്റെ
വിപുലീകരിച്ച ഷോറൂം
ഉദ്ഘാടനം ചെയ്യുന്നു
TIP TOP
TYRES & ACCESSORIES
New Bazar, Karuvanchal | Ph: 8281 888 333
ഉദ്ഘാടന ഓഫർ
Imported ISUZU
4x4V CrossTest Drive
ലഭിക്കുന്നതാണ്
Cont: 9072 373 444
ബൈക്ക് ടയറുകൾ ₹900 മുതൽ
ജാക്കറ്റുകൾ ₹500 മുതൽ ₹2000 വരെ
സൈലൻസേഴ്സ് ₹700 മുതൽ ₹10,000 വരെ
എല്ലാ ബുള്ളറ്റ് ആക്സസറീസുകൾ
എൽ.ഇ.ഡി ലൈറ്റ്സ്-പ്രോജക്ടേഴ്സ്, പാർക്ക് ബൾബ്സ് ഡേ ലൈറ്റ്സ്-ഫോഗ് ലാംപ്സ്
ഉദ്ഘാടനവേളയിലും തുടർന്നും ഏവരുടെയും സഹകരണം സാദരം ക്ഷണിക്കുന്നു

11കാരനെ പ്രകൃതിവിരുദ്ധമായി പീഡിപ്പിച്ച വൃദ്ധൻ അറസ്റ്റിൽ

തളിപ്പറമ്പ: അഞ്ചാം ക്ലാസ് വിദ്യാർത്ഥിയെ പ്രകൃതിവിരുദ്ധ പീഡനത്തിന് ഇരയാക്കിയ വൃദ്ധൻ അറസ്റ്റിൽ. അരിപ്പാമ്പ്ര സ്വദേശി പൂമംഗലോരകത്ത് കപ്പള്ളി വീട്ടിൽ മുഹമ്മദ്കുഞ്ഞി (60) യെയാണ് എസ്.ഐ പി. രാജേഷ് പിടികൂടിയത്. തോട്ടീക്കലിൽ സ്റ്റേഷനറി കട നടത്തുകയണ് മുഹമ്മദ്കുഞ്ഞി. ഈ പ്രദേശത്തെ 11കാരനായ കുട്ടിയെയാണ് ഇയാൾ പല തവണ പീഡിപ്പിച്ചത്. മൂന്ന് മാസം മുമ്പായിരുന്നു ആദ്യത്തെ സംഭവം. പിന്നീട് പലതവണ കടയിലേക്ക് വിളിച്ചുവരുത്തി മിഠായി നൽകി പ്രലോഭിപ്പിച്ച് പീഡനം തുടർന്നു. വീട്ടൽ പറയരുതെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. എന്നാൽ ശല്യം സഹിക്കവയ്യാതായതോടെ കുട്ടി മാതാപിതാക്കളോട് കാര്യങ്ങൾ പറഞ്ഞു. ഇവർ നൽകിയ പരാതിയിലാണ് കേസെടുത്തത്. ഇതിന് മുമ്പും ഇത്തരം സംഭവങ്ങൾ ഉണ്ടായിരുന്നുവത്രെ. അന്ന് നാട്ടുകാർ മുഹമ്മദ്കുഞ്ഞിയെ താക്കീത് ചെയ്തിരുന്നു. പ്രതിയെ തളിപ്പറമ്പ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കി.

വനംവകുപ്പിന് എതിരെ പ്രതിഷേധം ശക്തം

കാട്ടാനയുടെ ആക്രമണത്തിൽ യുവാവ് മരിച്ച കേളകത്ത് ഹർത്താൽ

കേളകം: കാട്ടാനയുടെ ആക്രമണത്തിൽ യുവാവ് മരിക്കാനിടയായത് വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് ആരോപിച്ച് പ്രതിഷേധവുമായി ജനങ്ങൾ. കേളകം നരിക്കടവ് സ്വദേശി അഞ്ചാനിക്കൽ ജോസഫിന്റെ മകൻ പി. ബിജു(45) ആണ് ഇന്ന് പുലർച്ചെ ഒരു മണിയോടെ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. സംയുക്ത ജനകീയ സമിതിയുടെ ആഭിമുഖ്യത്തിലാണ് കേളകം പഞ്ചായത്തിൽ ഹർത്താൽ ആചരിക്കുന്നത്. കട കമ്പോളങ്ങൾ അടഞ്ഞു കിടക്കുകയാണ്. പോലീസും വനംവകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിട്ടുണ്ട്.

കാർഷിക വിളകൾ നശിപ്പിക്കാൻ വരുന്ന കാട്ടാനകളെ തുരത്താൻ നടപടി ആവശ്യപ്പെട്ട് നിരവധി തവണ ജനങ്ങൾ അധികൃതർക്ക് പരാതി നൽകിയിട്ടുണ്ട്. ഇന്ന് പുലർച്ചെ വീട്ടുമുറ്റത്ത് എത്തിയ ഒറ്റയാനെ അകറ്റാൻ പുറത്തിറങ്ങിയപ്പോഴാണ് ബിജു ആക്രമത്തിന് ഇരയായത്. ബിജു സംഭവസ്ഥലത്ത് തന്നെ മരണമടഞ്ഞു. മൃതദേഹം കൂത്തുപറമ്പ ഗവ. ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി. പോസ്റ്റുമോർട്ടത്തിന് ശേഷം സംസ്കാരം നടക്കും. വൈകുന്നേരം ആറു മണി വരെയാണ് ഹർത്താൽ. കേളകം ടൗണിൽ മലഞ്ചരക്ക് കടയിൽ ജീവനക്കാരനാണ് കൊല്ലപ്പെട്ട ബിജു. ഭാര്യ റെജി. രണ്ട് മക്കളുണ്ട്.

നിവേദക സംഘം കൃഷി മന്ത്രി വി.എസ്. സുനിൽകുമാറിനെ കണ്ടപ്പോൾ

കീഴാറ്റൂർ ബൈപ്പാസ്

സി.പി.എം പ്രാദേശിക നേതാക്കൾ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് പരാതി നൽകി

തളിപ്പറമ്പ: വയൽനികത്തി ബൈപ്പാസ് നിർമ്മിക്കുന്നതിനെതിരെ സി.പി.എമ്മിന്റെ പ്രാദേശിക നേതാക്കൾ തിരുവനന്തപുരത്ത് വച്ച് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർക്ക് നിവേദനം നൽകി. മുഖ്യമന്ത്രി പിണറായി വിജയൻ, കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ, പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി. സുധാകരൻ എന്നിവർക്കാണ് ഇന്നലെ നിവേദനം നൽകിയത്. കീഴാറ്റൂരിലെ സി.പി.എം ബ്രാഞ്ച് സെക്രട്ടറിമാരായ എം.വി. രാഘവൻ, സി. രമേശൻ, മുൻ ബ്രാഞ്ച് സെക്രട്ടറി കെ.പി. പ്രകാശൻ, ഡി.വൈ.എഫ്.ഐ ഭാരവാഹികളായ ലാലുപ്രസാദ്, രജീഷ് എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്. തളിപ്പറമ്പ നഗരസഭയിലെ ഏറ്റവും പ്രധാന കൃഷി ഭൂമിയാണ് റോഡ് നിർമ്മാണത്തിലൂടെ നശിക്കുകയെന്നും ഒരു ഗ്രാമത്തിന്റെ നീരുറവ ഇല്ലാതാക്കുമെന്നും നിവേദനത്തിൽ ചൂണ്ടിക്കാട്ടി. കൃഷിഭൂമി മണ്ണിട്ട് നികത്താൻ നിലവിൽ നിയമമില്ലെന്നും വിവിധ കമ്മിറ്റികളുടെ അനുവാദമില്ലാതെ ഇതിന് സാധിക്കില്ലെന്നും കൃഷി മന്ത്രി സുനിൽകുമാർ നിവേദക സംഘത്തിന് ഉറപ്പ് നൽകി.

ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് സി.പി.എമ്മിനകത്ത് കടുത്ത അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കെയാണ് പ്രാദേശിക നേതാക്കൾ നേരിട്ട് തിരുവനന്തപുരത്ത് ചെന്ന് നിവേദനം നൽകിയത്.

സർവ്വീസുകൾ നിർത്തിയും വെട്ടിക്കുറച്ചും കെ.എസ്.ആർ.ടി.സി; മലയോരത്ത് ദുരിതം

ആലക്കോട്: മലയോര റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി ബസ് സർവീസുകൾ കാര്യക്ഷമമല്ലെന്ന് വ്യാപകമായ പരാതി ഉയർന്നു. പല റൂട്ടുകളിലും സർവീസുകൾ നിർത്തുകയും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് കാരണം സമീപകാലത്തായി കടുത്ത യാത്രാദുരിതമാണ് ജനങ്ങൾ അനുഭവിക്കുന്നത്. വളരെ കാര്യക്ഷമമായി നടന്നുവന്നിരുന്ന സർവീസുകൾ പോലും അടുത്ത കാലത്ത് നിർത്തലാക്കുകയും അട്ടിമറിക്കുകയും ചെയ്തതായാണ് ആക്ഷേപം. വർഷങ്ങളായി സർവ്വീസ് നടത്തി വന്ന ചെറുപുഴ- ആലക്കോട്- ആശാൻകവല- കുടിയാൻമല- ചെമ്പേരി ബസിന്റെ സമയക്രമം മാറ്റിയത് ഈ റൂട്ടിലെ യാത്രക്കാർക്ക് നിരവധി ബുദ്ധിമുട്ടുകൾ ഉയർത്തിയിരിക്കുകയാണ്. ഇതിന് പുറമെ ചിറ്റടിയിൽ നിന്നുള്ള ബസ് സർവീസ് ഉൾപ്പെടെ മലയോരത്തെ പല റൂട്ടുകളിൽ നിന്നുള്ള സർവ്വീസുകളും നിർത്തലാക്കിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ബസുകൾ മാത്രം ആശ്രയമായ ഒടുവള്ളി- കുടിയാൻമല റൂട്ടിലും ആവശ്യത്തിന് ബസുകൾ ഇല്ലാത്തത് കടുത്ത യാത്രാ ദുരിതമാണ് ഇവിടെയും സൃഷ്ടിക്കുന്നത്. മണിക്കൂറുകൾ കാത്തുനിന്നാലാണ് വിളക്കണ്ണൂർ, നടുവിൽ, പുലിക്കുരുമ്പ, കുടിയാൻമല പ്രദേശങ്ങളിലേക്ക് ജനങ്ങൾക്ക് ബസ് ലഭിക്കുന്നത്. ചപ്പാരപ്പടവ്- എരുവാട്ടി മേഖലകളിൽ സർവ്വീസ് നടത്തി വന്നിരുന്ന പല ബസുകളും ഇപ്പോൾ അപ്രത്യക്ഷമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി മലയോരത്തിനോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്ന് ആവശ്യമുയർന്നു.

ചരമം

ഗംഗാധരൻ

ശ്രീകണ്ഠപുരം: ഏരുവേശിയിലെ കിഴക്കേവളപ്പിൽ ഗംഗാധരൻ (47) നിര്യാതനായി. ഏറെക്കാലം ശ്രീകണ്ഠപുരത്ത് ബാർബർ തൊഴിലാളിയായിരുന്നു. പരേതനായ കെ.വി. ചാത്തുവിന്റെയും നാരായണിയുടെയും മകനാണ്. ഭാര്യ: കമലാക്ഷി (നിർമ്മാണ തൊഴിലാളി യൂണിയൻ ജില്ലാ കമ്മിറ്റിയംഗം). മക്കൾ: ഗീതു, നീതു. മരുമകൻ: പ്രസാദ് (ബാലുശേരി). സഹോദരങ്ങൾ: കൃഷ്ണൻ, ശ്രീനിവാസൻ, ഉഷ, പരേതനായ പത്മനാഭൻ. സഞ്ചയനം ശനിയാഴ്ച.

മറിയുമ്മ

മയ്യിൽ: കയരളത്തെ പരേതനായ മാമ്പയിൽ മൊയ്തീൻകുട്ടിയുടെ ഭാര്യ തങ്ങലത്ത് മറിയുമ്മ (83) നിര്യാതയായി. മക്കൾ: സീനത്ത്, ഹംസ, നസീമ. മരുമക്കൾ: യാക്കൂബ്, റഷീദ, മുഹമ്മദ്.

കുഞ്ഞാതിയമ്മ

കൂവേരി: കൊട്ടക്കാനത്തെ പരേതനായ കോമൻ നമ്പ്യാരുടെ ഭാര്യ കൈപ്രത്ത് വീട്ടിൽ കുഞ്ഞാതിയമ്മ (85) നിര്യാതയായി. മകൻ: രാജൻ. മരുമകൾ: നാരായണി (പാച്ചേനി). സഹോദരങ്ങൾ: നാരായണി, ബാലൻ, പത്മനാഭൻ, കമല, രാമചന്ദ്രൻ, പരേതരായ മീനാക്ഷി, യശോദ.

കാന്തപുരം 14ന് നരിക്കോട് മഖാമിൽ

നരിക്കോട്: നരിക്കോട് ഉസ്താദ് മഖാമിൽ ജലാലിയ്യ വാർഷികത്തോടനുബന്ധിച്ച് പുതുതായി നിർമ്മിച്ച ശൈഖ് മുസ്‌ലിയാർ ദർസ് സ്മാരക സൗദം 14ന് ശനിയാഴ്ച രാവിലെ 11ന് കാന്തപുരം എ.പി.അബൂബക്കർ ഉദ്ഘാടനം ചെയ്യും.

ഒറ്റ നമ്പർ ചൂതാട്ടം; 3 പേർ പിടിയിൽ

കണ്ണൂർ: ടൗണിൽ ജില്ലാ ബാങ്ക് ഹെഡാഫീസിന് സമീപം ഒറ്റ നമ്പർ ചൂതാട്ടത്തിൽ ഏർപ്പെട്ട മൂന്നുപേരെ ടൗൺ പോലീസ് പിടികൂടി. പി.സി. അസീസ്, കെ. ഷംസുദീൻ, യു. പ്രജീഷ് എന്നിവരാണ് പിടിയിലായത്.

സ്വർണ്ണം ഇന്നത്തെ വില
ഗ്രാമിന് : 2690
പവന് :21520
പവിത്രാ ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

പരസ്യത്തിലല്ല
പമ്പുസെറ്റുകളുടെ
ഗുണമേന്മ
Tormac
പമ്പുസെറ്റുകൾ ഉപയോഗിച്ച് ഗുണമേന്മ ഉറപ്പാക്കൂ...
Tormac
(Exceptional International)
(കയറ്റുമതി രംഗത്തെ വർഷങ്ങളുടെ പാരമ്പര്യം)
3'' മുതൽ 8'' വരെ submersible പമ്പുകളും
വിവിധ മോഡലുകളിൽ
open well പമ്പുകളും
monoblock പമ്പുകളും
5 സ്റ്റാർ റേറ്റിങ്ങളോടു കൂടിയ ISI മുദ്ര
അംഗീകൃത ഡീലർ
മലബാർ ട്രേഡിംഗ് കമ്പനി
തലോറ, തളിപ്പറമ്പ
Ph: 0460 2200801, Mob: 9847498396

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 10 Issue No. 77 RNI Reg.No.KER MAL/2007/22043